LIBRARY ARCHIVES Kerala Legislative Assembly

വെള്ളരിക്കുണ്ട് ആസ്ഥാനമായി എക്സൈസ് ഓഫീസ്

85 (1789) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി നിലവിൽ വന്ന താലൂക്കുകളിൽ എക്സൈസ് ഓഫീസുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിലുള്ള ഏഴ് പഞ്ചായത്തുകളിലും എക്സൈസ് ഓഫീസ് ഇല്ലെന്ന വസ്തുത പരിഗണിച്ച് വെള്ളരിക്കുണ്ട് ആസ്ഥാനമായി റെയ്ഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പുതുതായി നിലവിൽ വന്ന 12 താലൂക്കുകളിൽ എക്സൈസ് ഓഫീസുകൾ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വെള്ളരിക്കുണ്ട് ആസ്ഥാനമായി എക്സൈസ് റേഞ്ച് ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

കാസർഗോഡ് എക്സൈസ് കോംപ്ലക്സ്

86 (1790) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കാൻ ആലോചനയുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള സ്ഥലം ലഭ്യമാണോ ;

(ബി) പ്രസ്തുത നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണ് ; ഇതിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ ലഭ്യമാകും എന്ന് വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് നിയോജകമണ്ഡലത്തിലെ ബദിയടുക്കയിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ ; ഉണ്ടെങ്കിൽ ഇതിനുള്ള സ്ഥലം ലഭ്യമാണോ ;

(ഡി) പ്രസ്തുത നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുകയെത്ര എന്നും അതിന് എന്ന് എ.എസ്.&റ്റി.എസ്. ലഭ്യമാകുമെന്നും വ്യക്തമാക്കാമോ ?